പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2886 20.06.2013 -ൽ മറുപടിക്ക്

**അനധികൃത കയ്യേറ്റം തടയുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) റോഡുകളുടെ അനധികൃത കയ്യേറ്റം തടയുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) റോഡുകളുടെ അനധികൃത കയ്യേറ്റം തടയുന്നതിന് കേരളാ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം കർശനമായ നടപടികൾ എടുക്കുവാനും റോഡ് കയ്യേറ്റങ്ങൾ, അനധികൃത ബോർഡുകൾ, റോഡ് സഞ്ചാരത്തിന് തടസ്സമായി നിർമ്മാണ സാമഗ്രികൾ ഇറക്കി വയ്ക്കുന്നത് മുതലായ കാര്യങ്ങൾ ഉടൻ തന്നെ നോട്ടീസ് കൊടുത്ത് ഒഴിപ്പിക്കുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ ഇത് പ്രാബല്യത്തിൽ വരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ, പോലീസ് മുതലായ ഡിപ്പാർട്ടുമെന്റുകളുടെ സ്ഥിരമായ സഹകരണം കൂടി ആവശ്യമാണ്. |
| (ബി) ഗതാഗത തടസ്സം സൃഷ്ടിച്ചുകൊണ്ട് റോഡിന്റെ സൈഡുകളിൽ തടികൾ കൂട്ടി ഇടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | (സി) ബന്ധപ്പെട്ട കക്ഷികൾക്ക് അടിയന്തിരമായി നീക്കം ചെയ്യൽ നോട്ടീസ് നൽകുകയും ആയത് നിശ്ചിത സമയത്തിനുള്ളിൽ നീക്കം ചെയ്യാത്ത പക്ഷം ആയവ നീക്കം ചെയ്യുന്നതിനുള്ള നിയമപരമായ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിയ്ക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ